ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 06.30 PM **DATE:** 21.01.2025

## പ്രധാനവാർത്തകൾ

**1.) ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് നിയമസഭയിൽ തുടക്കം. ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട യു.ജി.സി കരട് മാർഗ്ഗരേഖ പിൻവലിക്കണമെന്ന പ്രമേയം നിയമസഭ പാസ്സാക്കി.**

**2) ആരോഗ്യമേഖലയിലെ സംസ്ഥാനത്തിൻറെ പ്രകടനത്തെ വിമർശിച്ച് സിഎജി റിപ്പോർട്ട് . കേന്ദ്രാവിഷ്കൃത ആരോഗ്യ പദ്ധതികളുടെ നടപ്പാക്കൽ സംസ്ഥാനത്ത് തൃപ്തികരമായിരുന്നില്ലെന്ന് വിമർശനം.**

**3) അതിതീവ്ര ദുരന്ത മുന്നറിയിപ്പുകൾ ജനങ്ങളിലേക്കെത്തിക്കുന്ന കവചം സംവിധാനത്തിന് സംസ്ഥാനത്ത് തുടക്കം. ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.**

**4) രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് ¬രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. മാവേലിക്കരയിലെ സൈനിക് സ്കൂൾ കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.**

**5) ആർ.എം.എസ് ഓഫീസുകൾ അടച്ചു പൂട്ടാനുള്ള തീരുമാനത്തിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സർക്കാരിന് കത്തയച്ചു.**

**6) സംസ്ഥാനത്ത് ഇന്നും നാളെയും താപനില 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്.**

RNU TVPM

&&&&&&&&&&&&&&&&&&

## നന്ദിപ്രമേയം

ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ നിയമസഭയിൽ ഇന്ന് നടന്നു. ഭരണപക്ഷത്തു നിന്നും ടി.പി രാമകൃഷ്ണനനാണ് പ്രമേയം അവതരിപ്പിച്ചത്. വർത്തമാന പ്രശ്നങ്ങളെ മറികടക്കാൻ സംസ്ഥാന സർക്കാർ നടപ്പാക്കിയ ഇടപെടലുകളുടെ നേർരേഖയാണ് നയപ്രഖ്യാപനമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാന സർക്കാരിൻറെ മദ്യനയം, പൊതുകടം തുടങ്ങി വിവിധ വിഷയങ്ങളിൽ അതിരൂക്ഷ വിമർശനം ഉന്നയിച്ചുകൊണ്ടാണ് പ്രതിപക്ഷം ചർച്ചയിൽ പങ്കെടുത്തത്. എ.സി മൊയ്തീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇ.ചന്ദ്രശേഖരൻ, എൻ ഷംസുദ്ദീൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇരുപക്ഷത്തു നിന്നുമായി ചർച്ചയിൽ പങ്കെടുത്തു. നന്ദിപ്രമേയത്തിന്മേലുള്ള ചർച്ചകൾ സഭയിൽ നാളെയും തുടരും.

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി

ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് യു.ജി.സി ഈ മാസം 6 ന് പുറത്തിറക്കിയ കരട് മാർഗ്ഗരേഖ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഇന്ന് ഏകകണ്ഠമായി പാസ്സാക്കി. കരട് മാർഗ്ഗരേഖ ഫെഡറൽ സംവിധാനത്തിനും

ജനാധിപത്യത്തിനും എതിരാണെന്ന് പ്രമേയം അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൂത്താട്ടുകുളം നഗരസഭയിൽ എൽ ഡി എഫിന്റെ വനിതാ കൗൺസിലറെ തട്ടിക്കൊണ്ട് പോയ സംഭവത്തിൽ പ്രതിപക്ഷ ബഹളത്തിനും നിയമസഭ ഇന്ന് സാക്ഷ്യം വഹിച്ചു. സംഭവം ജനാധിപത്യത്തിനേറ്റ ഏറ്റവും വലിയ കളങ്കമാണെന്ന് പ്രതിപക്ഷവും, കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിയും സഭയിൽ വ്യക്തമാക്കി. വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം തുടർന്ന് സ്പീക്കർ നിരസിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## സിഎജി നിയമസഭ

സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ പ്രകടനം വിലയിരുത്തുന്ന 2016-22 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഇന്ന് നിയമസഭയുടെ മേശപ്പുറത്ത് വച്ചു. സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും എണ്ണം അനുവദിച്ചതിലും കുറവാണെന്നും, ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. തിരഞ്ഞെടുത്ത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പാക്കൽ തൃപ്തികരമായിരുന്നില്ല എന്ന വിമർശനവും സിഎജി ഉന്നയിച്ചു. മരുന്നു ലഭ്യത, ഉപകരണങ്ങളുടെ പരിപാലനം, അടിസ്ഥാനസൗകര്യ

വികസനം എന്നിവ കാര്യക്ഷമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി (ഇൻട്രോ)**

സുരക്ഷാ ബോധം പൊതു ശീലമാക്കി മാറ്റണമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലെ സങ്കീർണമായ ഭൂപ്രകൃതിയും കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം' മുന്നറിയിപ്പ് സംവിധാനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ് വോയ്സ്)

കേന്ദ്ര കാലാവസ്ഥാ വകുപ്പ്, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, കേന്ദ്ര ജല കമ്മീഷൻ തുടങ്ങി വിവിധ ദേശീയ നോഡൽ ഏജൻസികൾ നൽകുന്ന അതിതീവ്ര ദുരന്ത മുന്നറിയിപ്പുകൾ
ജനങ്ങളിലേക്കെത്തിക്കുന്നതിനാണ് കവചം സംവിധാനം സ്ഥാപിച്ചിരിക്കുന്നത്. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 91 സൈറണുകളും ഇതോടനുബന്ധിച്ച് പ്രവർത്തിപ്പിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## രാജ് നാഥ് സിങ്

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. മാവേലിക്കരയിലെ വിദ്യാധിരാജ വിദ്യാപീഠം സൈനിക് സ്കൂളിന്റെ ഔദ്യോഗിക ഉദ്ഘാടനം അദ്ദേഹം നാളെ വൈകുന്നേരം നിർവഹിക്കും. കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനവും കേന്ദ്രമന്ത്രി ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും. കൊച്ചിയിലെ നാവിക സേനാ കേന്ദ്രവും ശ്രീ രാജ്നാഥ് സിങ്ങ് സന്ദർശിക്കും. കൊച്ചി വിമാനത്താവളത്തിൽ നിന്നും അദ്ദേഹം മറ്റന്നാൾ രാവിലെ വാരാണസിയിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&&

## ആർ.എം. എസ്- മുഖ്യമന്ത്രി

റെയിൽവേ മെയിൽ സർവീസ് ഓഫീസുകൾ അടച്ചു പൂട്ടാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യക്ക് കത്തയച്ചു. സംസ്ഥാനത്തെ തപാൽ സംവിധാനങ്ങളുടെ കാര്യക്ഷമതയെ ഇത് ദോഷകരമായി ബാധിക്കുമെന്ന ആശങ്ക മുഖ്യമന്ത്രി കത്തിൽ പങ്കുവച്ചു.ആർ.എം.എസ് ഓഫീസുകളെ സ്പീഡ് പോസ്റ്റ് പ്രോസസ്സിംഗ് ഹബുകളുമായി സംയോജിപ്പിക്കാനുള്ള തീരുമാനത്തിൻറെ ഭാഗമായി

RNU TVPM

രാജ്യത്തെ 312 ആർ.എം.എസ് ഓഫീസുകളാണ് അടച്ചുപൂട്ടുന്നത്. ഇതിൽ 12 എണ്ണം കേരളത്തിലാണ്.

&&&&&&&&&&&&&&&&&&

**ദേശീയ ഗെയിംസ് - ഇൻട്രോ**

ഉത്തരാഖണ്ഡിൽ ഈ മാസം 28ന് ആരംഭിക്കുന്ന 38ാമത് ദേശീയ ഗെയിംസിനായി തയ്യാറെടുത്ത് കേരളം. 451 കായികതാരങ്ങളുൾപ്പെടെ 574 പേരുടെ സംഘമാണ് സംസ്ഥാനത്തുനിന്നും
ഗെയിംസിനായി യാത്രതിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്.........**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&

**അറ്റ് ഹോം**

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച്, ജനുവരി 26-ന് രാഷ്ട്രപതി ഭവനിൽ നടക്കുന്ന അറ്റ് ഹോം പരിപാടിയിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്ന് 12 വിശിഷ്ടാതിഥികൾക്ക് ക്ഷണം ലഭിച്ചു. ഹോക്കി താരം പി ആർ ശ്രീജേഷ്, ഇന്ത്യൻ മർച്ചൻ്റ് നേവിയുടെ ആദ്യ വനിതാ ക്യാപ്റ്റനായ ക്യാപ്റ്റൻ രാധിക മേനോൻ, ഐ എസ് ആർ ഒ ചെയർമാൻ ഡോ. വി നാരായണൻ, മുൻ രാജ്യസഭാംഗം ശ്രേയാംസ് കുമാർ തുടങ്ങി

വിവിധ മേഖലയിൽ നിന്നുള്ള വിശിഷ്ട വ്യക്തിത്വങ്ങൾക്കാണ് രാഷ്ട്രപതി ഭവനിൽ നിന്നുള്ള ക്ഷണം ലഭിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

**ഡയസ് നോൺ**

ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും നാളെ സംസ്ഥാന വ്യാപകമായി സൂചനാ പണിമുടക്ക് നടത്താൻ തീരുമാനിച്ച സാഹചര്യം നേരിടാൻ ഡയസ് നോൺ പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാരുടെ ഫെബ്രുവരിയിലെ ശമ്പളത്തിൽ നിന്ന് പണിമുടക്ക് ദിവസത്തെ ശമ്പളം കുറവ് ചെയ്യുമെന്നാണ് പൊതുഭരണ വകുപ്പിൻറെ ഉത്തരവിൽ പറയുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

**ലൈഫ്- കെ എൻ ബാലഗോപാൽ**

ലൈഫ് ഭവന പദ്ധതിക്ക് 100 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. പദ്ധതിക്ക് ഇതുവരെ 5,684 കോടി രൂപയാണ് സംസ്ഥാന സർക്കാർ നൽകിയത്.

&&&&&&&&&&&&&&&&&&

**വീണാ ജോർജ്**

സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിക്കുന്ന 'നിർണയ ലബോറട്ടറി ശൃംഖല' സംസ്ഥാനമൊട്ടാകെ മൂന്ന് മാസത്തിനുള്ളിൽ പൂർണ തോതിൽ പ്രവർത്തനമാരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പരിശോധനാ ഫലങ്ങൾ മൊബൈലിലൂടെ അറിയാനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**തിരഞ്ഞെടുപ്പ് കമ്മീഷണർ**

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ രാജ്ഭവനിൽ സന്ദർശിച്ചു. സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണസംവിധാനം, വാർഡ് പുനർ വിഭജനപ്രക്രിയ, 2025 ൽ നടക്കാനുള്ള തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പ് എന്നിവയെക്കുറിച്ച് കൂടിക്കാഴ്ചയിൽ ചർച്ച നടന്നു.

RNU TVPM

&&&&&&&&&&&&&&&&&&

**കോൺഗ്രസ് മാർച്ച്**

ബ്രൂവറി വിഷയത്തിൽ മന്ത്രി എം.ബി.രാജേഷിൻറെ രാജിയാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നിയമസഭയിലേക്ക് നടത്തിയ മാർച്ചിൽ സംഘർഷം. പാലക്കാട് മദ്യ നിർമാണശാലയ്ക്ക് പ്രവർത്തനാനുമതി നൽകിയതിൽ അഴിമതിയുണ്ടെന്നാരോപിച്ചായിരുന്നു

മാർച്ച്. ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകർക്ക് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

&&&&&&&&&&&&&&&&&&

## സീറോ മലബാർ സഭ

സിറോ മലബാർ സഭയിലെ തർക്ക വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രതിഷേധിച്ച 21 വൈദികരുമായി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി കൊച്ചിയിൽ ചർച്ച നടത്തി. ആവശ്യങ്ങൾ പരിഗണിക്കാൻ തയ്യാറാണെന്ന് ആർച്ച് ബിഷപ്പ് ഉറപ്പു നൽകിയതായി ചർച്ചകൾക്കുശേഷം വൈദികർ അറിയിച്ചു. സസ്പെൻഷൻ നടപടികൾ തൽക്കാലത്തേക്ക് നിർത്തിവയ്ക്കാനും പ്രശ്നങ്ങൾ ഘട്ടം ഘട്ടമായി പരിഹരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മുതിർന്ന വൈദികരുമായും, അൽമായ നേതൃത്വവുമായും ആർച്ച് ബിഷപ്പ് ചർച്ച നടത്തുമെന്ന് വൈദികർ പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## ലുക്കൗട്ട് നോട്ടീസ്

പോക്സോ കേസിൽ നടൻ കൂട്ടിക്കൽ ജയചന്ദ്രനെതിരെ പോലീസ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിപ്പിച്ചു. നാല് വയസുകാരിയെ പീഡിപ്പിച്ചെന്ന പരാതിയിൽ, കോഴിക്കോട് കസബ പോലീസ് റജിസ്ട്രർ ചെയ്ത കേസിലാണ് നടപടി. ജയചന്ദ്രൻറെ മുൻകൂർ ജാമ്യപേക്ഷ ഹൈക്കോടതി തള്ളിയിരുന്നു.

&&&&&&&&&&&&&&&&&&

## താപനില

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും

സാധ്യതയുണ്ട്. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയവയ്ക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1,235 പോയിൻറ് നഷ്ടത്തിൽ 75,838ലും, നിഫ്റ്റി 320 പോയിൻറ് നഷ്ടത്തിൽ 23,025ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ മാറ്റമില്ല. പവന് 59,600 രൂപയും ഗ്രാമിന് 7,450 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&